## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2228** **17.06.2014- ൽ മറുപടിക്ക്**

### കൈത്തറി മേഖലയിലെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മാർക്കറ്റുകളുടെ അഭിരുചിക്കനുസരിച്ച് കൈത്തറി മേഖലയിൽ ഡിസൈനുകളും മറ്റും തയ്യാറാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ കൈത്തറി മേഖലയിൽ ആവശ്യമായ തരത്തിൽ പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നുണ്ട് എന്ന് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) ഉണ്ട്. 2000-ൽ അധികം ഡിസൈനുകളുടെ ശേഖരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി കണ്ണൂരിൽ ഉണ്ട്. ഇവയിൽ 1061 ഡിസൈനുകളുടെ കൈത്തറി ഉല്പന്നങ്ങൾ 54 സംഘങ്ങളിലൂടെ ഉല്പാദിപ്പിച്ച് വില്പന നടത്തിയിട്ടുണ്ട്. കൈത്തറി ക്ലസ്റ്ററുകളിലെ ഡിസൈനർമാരുടെ സഹായത്തോടെ 1772 ഡിസൈനുകൾ വികസിപ്പിച്ചെടുക്കുകയും ഈ ഡിസൈൻ അനുസരിച്ചുള്ള ഉല്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. |

(സി) വിദേശ മാർക്കറ്റുകളിലടക്കം യഥേഷ്ടം വിറ്റഴിക്കപ്പെട്ടിരുന്ന സംസ്ഥാനത്തിന്റെ കൈത്തറി തുണിത്തരങ്ങൾക്ക് മാർക്കറ്റ് നഷ്ടമാകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) കൈത്തറിയുടെ വിദേശ മാർക്കറ്റിനെക്കുറിച്ച് ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ യന്ത്രത്തറി ഉല്പന്നങ്ങൾക്ക് കൈത്തറി ഉൽപന്നങ്ങളെക്കാൾ വിലക്കുറവുള്ളതുകൊണ്ട് യന്ത്രത്തറി ഉൽപന്നങ്ങളാണ് വിദേശ മാർക്കറ്റിൽ കൂടുതൽ വിറ്റഴിയുന്നത്.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ കൂടി കൈത്തറിമേഖലയുടെ തകർച്ചയ്ക്ക് കാരണമായതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

(ഡി) കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ മൂലം കൈത്തറി മേഖലക്ക് വളർച്ച മാത്രമേ ഉണ്ടായിട്ടുള്ളൂ.

സെക്ഷൻ ഓഫീസർ